(സി) ഈ കേന്ദ്രങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഈ കേന്ദ്രങ്ങൾ അടച്ചുപൂട്ടിയതുമൂലം സംസ്ഥാനത്തിന്റെ മത്സ്യ ഗവേഷണ മേഖലയിൽ വന്നിട്ടുള്ള നഷ്ടം പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത മത്സ്യഗവേഷണ കേന്ദ്രങ്ങളും ഫീൽഡ് സെന്ററുകളും നേരിടുന്ന പ്രതിസന്ധി പരിഹരിച്ച് അവ പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട് സമുദ്രമത്സ്യ ഗവേഷണ കേന്ദ്രങ്ങളും ഒരു കൃഷി വിജ്ഞാന കേന്ദ്രവും ഉണ്ട്.

(ബി) ഗവേഷണ കേന്ദ്രങ്ങൾ അടച്ചുപൂട്ടിയിട്ടില്ല. കണ്ണൂർ, ചാവക്കാട്, ആലപ്പുഴ എന്നിവിടങ്ങളിലെ ഫീൽഡ് സെന്ററുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) ഈ കേന്ദ്രങ്ങൾ ഒരു പ്രതിസന്ധിയും നേരിടുന്നില്ല.

(ഡി) ഫീൽഡ് സെന്ററുകൾ അടച്ചുപൂട്ടിയതിന്റെ നഷ്ടം പരിശോധിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ പദ്ധതി

116 [1949] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് എത്ര തുക മാറ്റിവച്ചിരുന്നു; ജില്ലകളും വില്ലേജുകളും തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ എന്തുമാത്രം തുക ചെലവഴിച്ചു; ബാക്കി തുക ചെലവഴിക്കാതിരിക്കാൻ കാരണമെന്ത്;

(സി) വിഴിഞ്ഞം, കോട്ടുകാൽ വില്ലേജുകളിലേക്ക് അപ്രകാരം എന്തുമാത്രം തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു;

(ഡി) ഈ തുക ചെലവഴിച്ചിരുന്നോ;

(ഇ) ഇല്ലെങ്കിൽ ആ തുക ചെലവഴിക്കാതിരിക്കുന്നതിനും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നതിനും കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-2002 മുതൽ 2004-2005 വരെയുള്ള സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റിൽ തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2002-2003, 2004-2005 എന്നീ വർഷങ്ങളിൽ അധിക കേന്ദ്രസഹായമായി ലഭിച്ച തുകയിൽ യഥാക്രമം 300 ലക്ഷം രൂപയും 100 ലക്ഷം രൂപയും ഈ വിഭാഗത്തിനായി നീക്കിവച്ചിട്ടുണ്ടായിരുന്നു. 2002-2003 ൽ അനുവദിച്ച തുകയുടെ ജില്ലകളും വില്ലേജുകളും തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	*തിരഞ്ഞെടുക്കപ്പെട്ട വില്ലേജുകളുടെ എണ്ണം*	*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	3	60
കൊല്ലം	2	40
ആലപ്പുഴ	2	40
എറണാകുളം	3	60
തൃശ്ശൂർ	1	20
മലപ്പുറം	1	20
കോഴിക്കോട്	1	20
കണ്ണൂർ	1	20
കാസർഗോഡ്	1	20
ആകെ	15	300

2004-2005 സാമ്പത്തികവർഷം അനുവദിച്ച തുക (100 ലക്ഷം) ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികളുടെ ലിസ്റ്റും ജില്ലയും വില്ലേജുകളും തീരുമാനമായിട്ടില്ല.

(ബി) 5/2005 വരെ 70.914 ലക്ഷം രൂപ ചെലവഴിച്ചു. പ്രവൃത്തിമേഖല നിർണ്ണയിക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടുകളാണ് തുക വിനിയോഗിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത്.

(സി) ---- (ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly